"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - രജിസ്ട്രേഷൻ - ഓപ്പറേഷൻ പഞ്ചികിരൺ - പത്തനംതിട്ട ജില്ലയിലെ വെണ്ണിക്കുളം സബ് രജിസ്ട്രാരാഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന - സബ് രജിസ്ട്രാർ ശ്രീമതി മെറീന ബീഗത്തിനെതിരായ അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.513/2024/TAXES തീയതി,തിരുവനന്തപുരം, 11-06-2024

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 28/03/2023-ലെ ഇ4-(എസ് സി-48/2022/പി റ്റി എ)335/2023/ഡി വി എ സി ബി നമ്പർ കത്ത്.
2. ശ്രീമതി.മെറീന ബീഗത്തിന് നൽകിയ 08/11/2023-ലെ ഇ1/181/2023-നികുതി നമ്പർ കുറ്റപത്രം.
3. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 15/03/2024-ലെ ഐജിആർ/5739/2023-ഇ9 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ സബ് രജിസ്ട്രാരാഫീസുകളിലെ ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നതായ ആരോപണത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി **ഓപ്പറേഷൻ പഞ്ചികിരൺ** എന്ന പേരിൽ നടത്തിയ മിന്നൽ പരിശോധനയുടെ ഭാഗമായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പത്തനംതിട്ട യൂണിറ്റ് 15/11/2022-ന് വെണ്ണിക്കുളം സബ് രജിസ്ട്രാരാഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ താഴെ പറയുന്ന ക്രമക്കേട് കണ്ടെത്തിയതായി പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി;

*കംപ്യൂട്ടർ മുറിയിലുള്ള ഒരു തടി അലമാരയിൽ നിന്നും കണക്കിൽപ്പെടാത്ത 600/- രൂപ കണ്ടെത്തിയതിനെപ്പറ്റി ജീവനക്കാർക്കാർക്കും കൃത്യമായ വിശദീകരണം നൽകാനാകാത്തതിനാൽ ആയത് കൈക്കൂലിയായി ലഭിച്ചതാകുമെന്ന് വ്യക്തമാണ്.*

2) മേൽ ക്രമക്കേടിനുത്തരവാദിയായ സബ് രജിസ്ട്രാർ ശ്രീമതി മെറീന ബീഗത്തിനെതിരെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 1 6 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും, പരാമർശം (2) പ്രകാരം നൽകുകയുമുണ്ടായി. കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൾ സമർപ്പിച്ച വിശദീകരണം പരാമർശം (3) പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ലഭ്യമാക്കുകയുണ്ടായി.

3) പരിശോധന കഴിഞ്ഞ് ഉദ്യോഗസ്ഥർ പോയി കഴിഞ്ഞപ്പോൾ വെണ്ണിക്കുളം സബ് രജിസ്ട്രാർ ആഫീസിലെ ഓഫീസ് അറ്റന്റന്റായ ശ്രീമതി.അന്നമ്മ. കെ. എം. ടി 600/- രൂപ അപേക്ഷയിൽ പൊതിഞ്ഞ് അലമാരയിൽ വച്ചത് ടിയാളാണെന്നും ടി തുക ടിയാളുടെ

കൈവശമുള്ള തുകയായിരുന്നുവെന്നും സബ് രജിസ്ട്രാർ മുമ്പാകെ മൊഴി നൽകിയിട്ടുള്ളതാണെന്ന് ശ്രീമതി മെറീന ബീഗം ബോധിപ്പിക്കുകയുണ്ടായി. ടിയാൾ രാവിലെ പണം, പണ്ടം രജിസ്റ്ററിൽ കൈവശമുള്ള 1350/- രൂപ രേഖപ്പെടുത്തിയിട്ടുള്ളതും അതിൽ നിന്നും 600/- രൂപ വീട്ടിലേയ്ക്ക് സാധനം വാങ്ങിക്കുവാൻ കൈയിലെടുത്ത് കടയിൽ പോകാനായി ആഫീസിൽ നിന്നും ഇറങ്ങുവാൻ തുടങ്ങിയപ്പോൾ ശ്രീ.സി.ജെ. സാമുവേൽ എന്ന കക്ഷി 4.27 PM-നു പ്രിന്റെടുത്ത ബാധ്യത സർട്ടിഫിക്കറ്റിനുള്ള അപേക്ഷയുമായി ആഫീസിൽ വന്നിട്ടുള്ളതും ഓഫീസ് അറ്റന്റന്റായ ശ്രീമതി അന്നമ്മ കെ എം-നോട് ടി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനെ കുറിച്ച് ചോദിച്ചപ്പോൾ 3.30. PM കഴിഞ്ഞതിനാൽ ഡൗൺലോഡ് ചെയ്യാൻ പറ്റുകയില്ലെന്നും, ബന്ധപ്പെട്ട ക്ലാർക്ക് പോയതിനാൽ പിറ്റേദിവസം ബന്ധപ്പെട്ട ക്ലാർക്കിനെ കാണിച്ചിട്ട് പറയാമെന്നു പറഞ്ഞ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ വാങ്ങി കൈയിൽ വച്ചപ്പോഴാണ് വിജിലൻസ് ഉദ്യോഗസ്ഥർ വന്നതെന്നും പെട്ടെന്നുള്ള വെപ്രാളത്തിൽ സാധനം വാങ്ങാൻ എടുത്ത ക്യാഷ് ടി സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൽ പൊതിഞ്ഞ് കമ്പ്യൂട്ടർ റൂമിലെ തടി അലമാരയിൽ വച്ചിട്ടുള്ളതാണെന്നും ടി ക്യാഷ് ശ്രീമതി അന്നമ്മയുടെ സ്വന്തം ക്യാഷാണെന്നും ടിയാൾ സമ്മതിച്ചിട്ടുണ്ടെന്ന് ശ്രീമതി മെറീന ബീഗം ബോധിപ്പിക്കുകയുണ്ടായി.

4) കമ്പ്യൂട്ടർ റൂമിലെ തടിയലമാരയിൽ നിന്നും കണ്ടെടുത്ത 600/- രൂപ തന്റേതാണെന്ന് ഓഫീസ് അറ്റൻഡന്റായ ശ്രീമതി. അന്നമ്മ ഇപ്പോൾ മൊഴി നല്കിയിട്ടുണ്ടെങ്കിലും ടി വിവരം വിജിലൻസ് പരിശോധനാ വേളയിൽ വെളിപ്പെടുത്താത്തത് ടിയാളുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണെന്നും, ടി സാഹചര്യത്തിൽ, ശ്രീമതി. മെറീന ബീഗം സമർപ്പിച്ച വിശദീകരണം പരിഗണിക്കാവുന്നതാണെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അഭിപ്രായപ്പെടുകയുണ്ടായി.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കമ്പ്യൂട്ടർ റൂമിലെ തടിയലമാരയിൽ നിന്നും കണ്ടെടുത്ത 600/- രൂപ തന്റേതല്ലെന്ന സബ് രജിസ്ട്രാർ ശ്രീമതി. മെറീന ബീഗത്തിന്റെ വിശദീകരണം അംഗീകരിച്ച് ടിയാൾക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി മേൽനടപടി കൂടാതെ തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRAMOD M V

ജോയിന്റ് സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.

ശ്രീമതി. മെറീന ബീഗം, സബ് രജിസ്ട്രാർ ( രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുഖേന. )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.

ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

വിജിലൻസ് (എ) വകുപ്പ് (25/05/2023-ലെ വിജി-എ2/139/2023-വിജി പ്രകാരം.)

വെബ് & ന്യൂ മീഡിയ, (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Praneesh M P

Date: 11-06-2024 12:48:32

സെക്ഷൻ ഓഫീസർ